# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1367** **20.01.2014 ൽ മറുപടിക്ക്**

### നെല്ലിക്കുന്ന് കടപ്പുറത്ത് മാവേലി സ്റ്റോർ

| ചോദ്യം<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |
|---|---|---|
| (എ) | കാസർഗോഡ് മണ്ഡലത്തിലെ നെല്ലിക്കുന്ന് കടപ്പുറത്ത് മാവേലിസ്റ്റോർ തുടങ്ങണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. വകുപ്പുമന്ത്രിക്കു കത്തു നൽകിയിരുന്നോ; | (എ) നൽകിയിരുന്നു. |
| (ബി) | എങ്കിൽ, പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (ബി) പ്രസ്തുത വിഷയത്തിന്മേൽ സാദ്ധ്യതാ പഠനം നടത്തി റിപ്പോർട്ട് നൽകുന്നതിനായി കോഴിക്കോട് റീജിയണൽ മാനേജർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന് ഒരു ഇടക്കാല മറുപടി ലഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥലത്ത് എന്ന് മാവേലി സ്റ്റോർ പ്രവർത്തനം ആരംഭിക്കാനാകുമെന്നു വ്യക്തമാക്കുമോ? | (സി) നെല്ലിക്കുന്ന് എന്ന സ്ഥലം കാസർഗോഡ് മുനിസിപ്പാലിറ്റിയ്ക്ക് കീഴിലാണ്. ഈ മുനിസിപ്പാലിറ്റിയിൽ നിലവിൽ 2 മാവേലി സ്റ്റോറുകളും 2 പീപ്പിൾസ് ബസാറുകളും പ്രവർത്തിയ്ക്കുന്നുണ്ട്. നിലവിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ അനുവദിയ്ക്കുന്നതിനാണ് ഇപ്പോൾ മുൻഗണന നൽകിവരുന്നത്. തന്നെയുമല്ല കാസർഗോഡ് മുനിസിപ്പാലിറ്റിയിൽ മാവേലി സ്റ്റോർ ആരംഭിയ്ക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച പ്രമേയം മുനിസിപ്പാലിറ്റിയിൽ നിന്നും നാളിതു വരെ ലഭിച്ചിട്ടില്ല. ടി തീരുമാനം ലഭിയ്ക്കുന്ന മുറയ്ക്ക് സാധ്യത പഠനത്തിന്റെയും ജീവനക്കാരുടെ ലഭ്യതയും കണക്കിലെടുത്ത് മാവേലി സ്റ്റോർ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

Beena

സെക്ഷൻ ഓഫീസർ